**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1372** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കണ്ണൂർ മുണ്ടേരി കടവ് പക്ഷി സങ്കേതം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ മണ്ഡലത്തിലെ പ്രധാന പക്ഷി സങ്കേതമായ മുണ്ടേരിക്കടവിൽ ആരംഭിച്ച മുണ്ടേരിക്കടവ് ഇക്കോ ടൂറിസം പ്രൊജക്ടിന്റെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുണ്ടേരിക്കടവ് ഇക്കോടൂറിസം പ്രൊജക്ടിന്റെ ഭാഗമായി പ്രവേശനകവാടത്തിന്റെ നവീകരണം, പ്രദേശത്തിന്റെ സൗന്ദര്യവൽക്കരണം, മാർഗ്ഗസൂചക ബോർഡുകൾ, അടിസ്ഥാന സൗകര്യങ്ങളായ ടോയ്ലറ്റ്, ടിക്കറ്റ് കൗണ്ടർ, കഫെറ്റീരിയ, പക്ഷിനിരീക്ഷണ ടവറും ഡെക്കും എന്നിവ പ്രസ്തുത കേന്ദ്രത്തിൽ നിലവിൽ വിനോദസഞ്ചാരികളുടെ സന്ദർശനത്തിനായി തുറന്ന നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയ്ക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഏതൊക്കെ പ്രവർത്തങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്താൻ നിശ്ചയിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

**<u>മറുപടി:</u>** മുണ്ടേരിക്കടവ് ഇക്കോടൂറിസം പദ്ധതിക്ക് ₹73,50,000/- (എഴുപത്തിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ) അടങ്കൽ കണക്കാക്കിയ വികസന പ്രവർത്തനങ്ങൾക്ക് വിനോദസഞ്ചാര വകുപ്പ് ഭരണാനുമതി നല്കിയിട്ടുള്ളതാണ്. പദ്ധതിയുടെ ഭാഗമായി പ്രാഥമിക പഠനം, ശില്പശാലകൾ, തദ്ദേശവാസികൾക്ക് പരിശീലനം, ഫ്ലോട്ടിംഗ് ബോട്ട് ജെട്ടി, സൗന്ദര്യവൽക്കരണം, വിദ്യാഭ്യാസത്തിനും വിവര വ്യാഖ്യാനത്തിനുമുള്ള ഉപകരണം, ദൂരദർശിനി, ക്യാമ്പിങ് ഉപകരണങ്ങൾ, ഇലക്ട്രിക് വാഹനം, ബോട്ട്, കനോയിങ് (സൈക്കിൾ), പരിശീലന ശില്പശാലകൾ, മാർഗ്ഗസൂചക ബോർഡുകൾ, പ്രചാരണ പദ്ധതികൾ, പ്രവേശന കമാനം ഭംഗിവരുത്തൽ, പൂന്തോട്ടം സ്ഥാപിക്കൽ, കഫെറ്റീരിയ, ടോയ്ലറ്റ് എന്നിവ സ്ഥാപിക്കൽ, പക്ഷിനിരീക്ഷണ ടവറും ഡെക്കും സ്ഥാപിക്കൽ എന്നിവ ആദ്യഘട്ടത്തിൽ വിഭാവനം ചെയ്യുവയാണ്

**സെക്ഷൻ ഓഫീസർ**